# സെന്റ് മേരീസ് എൽ പി എസ്
# തൃപ്പൂണിത്തുറ



# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 2026

Scanned with OKEN Scanner

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം 2025 ലക്ഷ്യം വെച്ചു തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ



## സെന്റ്.മേരീസ് എൽ പി എസ്

## തൃപ്പൂണിത്തുറ.

Scanned with OKEN Scanner

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്
- നിലവിലെ അവസ്ഥാ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
- മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം.
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിങ്
- ഉപസംഹാരം


Scanned with OKEN Scanner

## ആമുഖം

കൊച്ചി രാജവംശത്തിന്റെ ഭരണസിരാകേന്ദ്രം ആയിരുന്ന തൃപ്പൂണിത്തുറയുടെ ഹൃദയഭാഗത്ത് സെൻറ് മേരീസ് ഫൊറോന പള്ളിയുടെ ഉടമസ്ഥതയിൽ അറിവിന്റെ ഉറവിടമായി പ്രൗഢിയും പ്രതാപവും ഒട്ടും ചോർന്നു പോകാതെ നിലകൊള്ളുന്ന വിദ്യാലയം. പ്രസിദ്ധമായ അന്ധകാരത്തോടും ശ്രീപൂർണ്ണത്രയീശ അമ്പലവും നടമപള്ളിയും ഈ വിദ്യാലയത്തിന്റെ ചുറ്റും സ്ഥിതി ചെയ്യുന്നു. 150 കുട്ടികളോളം ഇവിടെ അധ്യയനം നടത്തുന്നു. പ്രധാനധ്യാപിക ശ്രീമതി ജയറാണി സി ജോസഫിനൊപ്പം റഗുലർ അധ്യാപകരും നഴ്സറി വിഭാഗത്തിൽ അധ്യാപകരും നോൺ ടീച്ചിംഗ് വിഭാഗത്തിൽ 2 പേരും ഈ വിദ്യാലയത്തിൽ സേവനം ചെയ്യുന്നു. ഈ വിദ്യാലയത്തിന്റെ രക്ഷാധികാരി എറണാകുളം അങ്കമാലി അതിരൂപത മേജർ ആർച്ച് ബിഷപ്പും കോർപ്പറേറ്റ് മാനേജറും സെൻറ് മേരീസ് തൃപ്പൂണിത്തുറ ഫൊറോന പള്ളി വികാരിയുമാണ്.

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് മേരീസ് എൽ.പി സ്കൂൾ |
| | | തൃപ്പൂണിത്തുറ |
| വിലാസം | : | തൃപ്പൂണിത്തുറ P.O |
| | | എറണാകുളം |
| സ്കൂൾ കോഡ് | : | 26432 |
| വിദ്യാഭ്യാസ ഉപജില്ല | : | തൃപ്പൂണിത്തുറ |
| വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| റവന്യൂ ജില്ല | : | എറണാകുളം |
| ബി. ആർ. സി | : | തൃപ്പൂണിത്തുറ |
| സി. ആർ. സി | : | ഗവ. കെ. എം. യു. പി. എസ്, എരൂർ |
| മുൻസിപ്പാലിറ്റി | : | തൃപ്പൂണിത്തുറ |
| നിയമ സഭാമണ്ഡലം | : | തൃപ്പൂണിത്തുറ |
| ലോക് സഭാമണ്ഡലം | : | എറണാകുളം |
| താലൂക്ക് | : | കണയന്നൂർ |
| വില്ലേജ് | : | നടമ |
| ഇ-മെയിൽ | : | stmarystpra@gmail.com |

Scanned with OKEN Scanner

## വിദ്യാലയത്തിന്റെ ചരിത്രം

വർഷങ്ങൾക്ക് മുൻപ് സാധാരണക്കാർക്ക് വിദ്യാഭ്യാസം വിദൂരമായിരുന്ന കാലത്ത് തൃപ്പൂണിത്തുറ കത്തോലിക്ക പള്ളിയിലെ ഉൽപതിഷ്ണുക്കളായ പൂർവികരുടെ തീരുമാനപ്രകാരമാണ് ഈ സ്കൂൾ ആരംഭിച്ചത്. ബാലാരിഷ്ഠതകൾ ഏറെ ഉണ്ടായിരുന്നെങ്കിലും സ്കൂളിന്റെ പ്രവർത്തനം തുടർന്ന് പോന്നു. അക്കാലത്തെ ജനങ്ങളോട് സാമ്പ്രദായിക വിദ്യാഭ്യാസത്തിന്റെ പ്രധാന്യത്തെക്കുറിച്ച് പറഞ്ഞ് മനസ്സിലാക്കി മുഖ്യധാരയിലേക്ക് കൊണ്ടുവരികയെന്നത് ഇടവകക്കാരുടെ ആവേശമായിരുന്നു. സ്വാതന്ത്ര്യാനന്തരം , വിദ്യാഭ്യാസം ഇന്ത്യയുടെ പഞ്ചവത്സര പദ്ധതികളിൽ മുഖ്യസ്ഥാനം നേടുകയും സാർവ്വത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലേക്ക് സമൂഹം ഒന്നടങ്കം ശ്രദ്ധ പതിപ്പിക്കുകയും ചെയ്തു. ഇവിടെ വിദ്യ അഭ്യസിച്ചവർ സമൂഹത്തിന്റെ നാനാമേഖലകളിലും വെള്ളിവെളിച്ചം വിതറുന്നു. ഇവിടെ നിന്ന് ലഭിച്ച ശിക്ഷണവും വിദ്യയും അവരെ ഉത്തമപൗരൻമാരാക്കി . ഇവരുടെ സാമൂഹ്യപരമായ ഇടപെടലുകളും പ്രവർത്തനരീതികളും സമൂഹത്തോടുള്ള പ്രതിബദ്ധതയും ഈ സ്കൂളിന്റെ നേട്ടങ്ങൾക്ക് മുതൽക്കൂട്ടാണ്. ബഹു.റിട്ട. ജഡ്ജി ശ്രീ . പയസ് കുര്യക്കോസ്, പ്രസിദ്ധ കാർട്ടൂണിസ്റ്റ് ശ്രീ.അഞ്ജൻ സതീഷ് തുടങ്ങി അനേകം പ്രതിഭാസമ്പന്നരെ വിളയിച്ചെടുത്ത അറിവിന്റെ ഉറവിടമാണ് ഈ വിദ്യാലയം .

ഈ സ്കൂളിന്റെ നേട്ടങ്ങൾക്ക് പിന്നിലുള്ള ചാലകശക്തി അർപ്പണ മനോഭാവമുള്ള മാനേജ്മെന്റാണ്. പഴയ സ്കൂൾ കെട്ടിടം പൊളിച്ച്, ആധുനിക രീതിയിലുള്ള മൂന്നുനില കെട്ടിടം പണിത് സ്കൂളിന്റെ മുഖഛായ മാറ്റി വിദ്യാഭ്യാസത്തോടുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിച്ചു. വിദ്യാലയം ഇന്ന് കാണുന്ന നിലയിൽ ആധുനികവൽക്കരിച്ചത് മാനേജ്മെന്റിന്റെ കഠിനപ്രയത്നത്തിന്റെ ഫലമാണ്. ദൈവഭക്തിയും വിജ്ഞാനവും അച്ചടക്കവും കൈമുതലായുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിന് ഇവിടുത്തെ അധ്യാപകർ അർപ്പണമനോഭാവത്തോടു കൂടി പ്രവർത്തിക്കുന്നു..

Scanned with OKEN Scanner

## ദർശനം- **Vision**

വ്യക്തിത്വ വികസനത്തിലൂടെ സമഗ്ര വിക സനം സാധ്യമാക്കുക.

## ദൗത്യം- Mission

മാനസീക- ശാരീരിക, വൈജ്ഞാനിക, ആത്മീയ വികാസത്തിലൂടെ ലക്ഷ്യപ്രാപ്തി കൈവരിക്കുക.

## ലക്ഷ്യം - **Motto**

ഓരോ കുട്ടിയുടേയും ഗുണമേന്മ വിദ്യാഭ്യാസ മെന്ന അവകാശം ഉറപ്പുവരുത്തുക.

Scanned with OKEN Scanner

- വിദ്യാലയം മികവിന്റെ കേന്ദ്രം
- മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോ ഫ്രയറുടെസോദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
- പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദീനാകുന്ന തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- സമപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- പരിസ്ഥിതികാവബോധത്തോടെ ജീവിക്കുവാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണാ മനുഷ്യൻ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്ത് സൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.
- പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ.
- SRG യോഗത്തിൽ സെന്റ് മേരീസ് ആലുവ സ്കൂൾ വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- വികസനാവശ്യങ്ങൾ ക്ലാസ്/ വിഷയ അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹ്യം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

Scanned with OKEN Scanner

കരട് രൂപരേഖ SRG/PTA, M PTA, OSA രാഷ്ട്രീയ സംഘടന പ്രതിനിധികൾ. ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

* ശില്പശാലയിൽ ഉയർന്നുവന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ

* PTA നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ

**അക്കാദമിക നേട്ടങ്ങൾ**

2024-25 അധ്യയന വർഷത്തിൽ എൽഎസ്എസ് സ്കോളർഷിപ്പിന് ഒരു കുട്ടി അർഹനായി. സബ് ജില്ലാതലത്തിൽ നടത്തിയ കലാകായിക പ്രവൃത്തിപരിചയ മേളകളിൽ വിവിധ ഇനത്തിൽ ധാരാളം ഗ്രേഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. . സ്കൂൾ കലോത്സവത്തിൽ കുട്ടികളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയ പദ്ധതികളിലൂടെ ലക്ഷ്യത്തിലെത്താൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അധ്യാപകർ ഓരോ വിഷയത്തിനും അധികസമയം കണ്ടെത്തി പ്രത്യേക പരിശീലനം കൊടുത്തുവരുന്നു..

Scanned with OKEN Scanner

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികാസം<br>• ഇംഗ്ലീഷ് പഠനപരിപോഷണം<br>• ശാസ്ത്രപോഷണ പരിപാടി<br>• വായനാ പരിപോഷണം<br>• ലൈബ്രറി നവീകരണം<br>• ക്ലാസ്മുറികളിൽ കൂടുതൽ സൗകര്യമൊരുക്കൽ<br>• പഠന യാത്രകൾ<br>• ക്ലാസ് പിടിഎ സജീവമാക്കൽ<br>• സ്കൂൾ പത്രം/മാസിക<br>• പ്രവൃത്തിപരിചയം പഠനം<br>• ഒന്നാം ക്ലാസ് ഒന്നാം തരം<br>• SRG ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• പച്ചക്കറിത്തോട്ടം<br>• രചനാ ശില്പശാല<br>• അഭിമുഖം<br>• മാതൃഭാഷ അനായാസം കൈകാര്യം ചെയ്യൽ<br>• വായന മെച്ചപ്പെടുത്തൽ<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• സ്മാർട്ട് ക്ലാസ് റൂം<br>• ഗണിതം മധുരം<br>• സചിത്ര പുസ്തകം | • ചിൽഡ്രൻസ് പാർക്ക്<br>• മൾട്ടിമീഡിയ റൂം<br>• ഡൈനിംഗ് ഹാൾ<br>• ജന്മദിനത്തിനൊരു പുസ്തകം<br>• ചിത്ര രചന | • പിടിഎ ശക്തിപ്പെടുത്തൽ<br>• വിദ്യാലയ വികസന സമിതി<br>• പൂർവ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>• ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ<br>• വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ<br>• ഭവന സന്ദർശനം |

Scanned with OKEN Scanner

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • മെഡിക്കൽ ക്യാമ്പ്<br>• ഗണിത ലാബ്<br>• ഭാഷാ ലാബ്<br>• ടേം മൂല്യനിർണയം നിരന്തര വിലയിരുത്തൽ.<br>• ദിനാചരണം<br>• കായിക പഠനം | | • പ്രാദേശിക പിടിഎ ഭവന സന്ദർശനം |

## പദ്ധതി വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

## ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ<br>• ഇംഗ്ലീഷ് ഭാഷ തെറ്റു കൂടാതെ കൈകാര്യം ചെയ്യുക | • ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | • ആഴ്ചയിൽ 2 ദിവസം | ഭാഷാ ക്ലബ് | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | • കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാക്കുകൾ പ്രദർശിപ്പി ക്കുന്നു. | | | |

ഉപമേഖല

പദപ്രശ്ന നിർമാണ്- ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കളികളിലൂടെ യുള്ള ഭാഷ പഠനം | • ഇംഗ്ലീഷ് പദ പ്രശ്നം നിർമ്മി ക്കുന്നു കുട്ടി കൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു. വിജ യികളെ നറു ക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതി മാസ പരി പാടി | • ഭാഷാ ക്ലബ് | |

രചനാശിൽപശാല- മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊ രുക്കൽ, വായന സാമ ഗ്രികളുടെ നിർമ്മാണം | • കഥയരങ്ങ്, കവിയരങ്ങ്, രചനാശില്പ ശാല എന്നിവ സംഘടിപ്പി ക്കൽ<br>• രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ | • രണ്ടുമാ സത്തിൽ ഒരു പ്രാവശ്യം | • വിദ്യാ രംഗംക ലാസാ ഹിത്യ വേദി<br>• ക്ലാസ് ടീച്ചർ | Rs. 5,000/ |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| • തെറ്റില്ലാതെ വാക്കുകൾ എഴുതുക | അച്ചടിച്ച് പ്രസിദ്ധീകരിക്കൽ<br>• ക്ലാസിലെ പഠനസാമഗ്രിയായി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ<br>• ഓരോ ദിവസത്തെയും ഡയറിക്കുറിപ്പ് എഴുതൽ | | | | |

സർഗ്ഗസല്ലാപം- ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | • പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ | • വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം. ക്ല പിടിഎ | 2,000/- |

Scanned with OKEN Scanner

ദിനാചരണങ്ങൾ/ സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വിവിധ ശേഷിയുടെ വികസനം | • ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. നിസ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | • ആവശ്യാനുസരണം | • എസ്.ആർ.ജി | 10,000 |

ശിൽപശാല- ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | | • വർഷത്തിൽ ഒരു പ്രാവശ്യം | • എസ്.ആർ.ജി<br>• എ.എസ്.എ | Rs. 1,000/ |

Scanned with OKEN Scanner

## ഗണിത ലാബ് സജ്ജീകരിക്കൽ- അക്കാദമികം ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | • വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | • ആവശ്യാനുസരണം | • എസ്. ആർ.ജി ഗണിത ക്ലബ് | |

## പ്രതിഭാപോഷണ പരിപാടി- ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | • ശ്സ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനക്ലാസുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ | • അവധി ദിവസങ്ങൾ | • എസ്, ആർ.ജി | 5,000/ |

## മേളകൾ- അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ശാസ്ത്രം പ്രവർത്തനമാണെന്ന് മനസിലാക്കുക | • സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപ ജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | • വർഷത്തിൽ ഒരു പ്രാവശ്യം | • സയൻസ് ക്ലബ് | |

## ചിത്രരചനാക്കളരി - അക്കാദമികം കല വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ചിത്രരചനയിൽ പ്രാവീണ്യം നേടൽ | • മധ്യവേനൽഅവധിക്കാലത്ത് അഞ്ചുദിവസം നിണ്ടുനിൽക്കുന്ന ചിത്ര രചനാ പരിശീലനം | • മധ്യവേനൽ അവധി ക്കാലം 5 ദിവസം | • എസ്. ആർ.ജി | 10,000/- |

പച്ചക്കറികത്തോട്ടം - അക്കാദമികം

## കായിക പരിശീലനം അക്കാദമികം/ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കാർഷിക സംസ്ക്യതിയെ വീണ്ടെടുക്കൽ | • വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | • വർഷത്തിൽ ഒരു പ്രാവശ്യം | • എസ്. ആർ.ജി | • 10,0000/ |

## ജൈവ വൈവിധ്യ പാർക്ക് അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | • സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യപാർക്ക് നിർമ്മിക്കൽ | • ഒരുപ്രാവശ്യം | • എസ്. ആർ.ജി | 25,000/ |

Scanned with OKEN Scanner

## കായിക പരിശീലനം അക്കാദമികം/ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കായിക പരിശീലനം കാര്യക്ഷമമാക്കൽ | • രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘു ഭക്ഷണം നൽകൽ | • ആഴ്ച യിൽ 3 ദിവസം | • പി.ടി.എ കായിക അധ്യാപകൻ | 10,000/ |

## മെഡിക്കൽ ക്യാമ്പ്/അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | • വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ<br>• ഡോക്ടർമാരുടെ ബോധവത്കരണ ക്ലാസുകൾ | വർഷത്തിൽ ഒന്ന് വീതം | എച്ച്.എം. പി.ടി.എ | 10000/- |

Scanned with OKEN Scanner

## ക്ലാസ് പിടിഎ സജീവമാക്കൽ - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | • ക്ലാസ് പിടിഎ കൃത്യമായ അജണ്ട വെച്ച് പ്രതി മാസം ചേരൽ പഠന പുരോഗതി പരിശോധിക്കൽ മികവുകളുടെ അവതണം പൊതു ചർച്ച എന്നിവയുണ്ടാകണം | • പ്രതി മാസ പരിപാടികൾ | • ക്ലാസ് ടീച്ചർ | 1000/ |

## പോഷകാഹാര പരിപാടി -അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | • ആഴ്ചയിൽ ഓരോദിവസവും വ്യത്യസ്ത മെനുവെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | • എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ എച്.എം പിടിഎ | 50,000/- |

Scanned with OKEN Scanner

## ഗവേഷണ പ്രോജെക്ടുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | • പൂർവവിദ്യാർത്ഥികളുടെ ഡാറ്റാ ബുക്ക് തയ്യാറാക്കൽ പഠന പിന്നോക്കാവസ്ഥയുള്ളവർക്കുള്ള പ്രത്യേക ഷീറ്റുകൾ തയ്യാറാക്കൽ സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്ന് വീതം | ആർ.ജി പിടിഎ | |

## ജന്മ ദിനത്തിലൊരു പുസ്തകം അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ക്ലാസ് ലൈബ്രറിയുടെ നവീകരണം | • ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാം | • എല്ലാ ജന്മദിനങ്ങളിലും | • ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | ഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം | | | |

ശാസ്ത്ര മാജിക്/ അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കുട്ടികളിൽ ശാസ്ത്രാഭിരുചി | • ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സാലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. അവയുടെ പ്രവർത്തനക്രമം ചിത്രം സഹിതം പ്രത്യേക ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | • മാസത്തിൽ ഒന്ന് വീതം | • എസ്. ആർ.ജി | |

Scanned with OKEN Scanner

## ശാസ്ത്ര മാജിക്/ അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കുട്ടികളിൽ ശാസ്ത്രാഭിരുചി | • ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. അവയുടെ പ്രവർത്തന ക്രമം ചിത്ര സഹിതം പ്രത്യേക ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | • മാസത്തിൽ ഒന്ന് | • എസ്. ആർ.ജി | |

## വർക്ക് ഷീറ്റ് നിർമ്മിക്കൽ/ അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ബാല സാഹിത്യമാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | • വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വരികളിലെയും മാസികകളിലെയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്. ആർ.ജി | |

| | | | | |
|---|---|---|---|---|
| | മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിനു അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ, വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | | | |

## പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ- സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ | • വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ പിടിഎ യോഗങ്ങൾ ചേരൽ | • വർഷത്തിൽ ഒരു പ്രാവശ്യം | • എസ്. എസ്.ജി<br>• എസ്. ആർ.ജി | 1000 |

**പ്രതീക്ഷിത നേട്ടങ്ങൾ**

**കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ**

1. ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച അന്തരീക്ഷം ഒരുക്കുന്നു.
2. സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാൽക്കരിക്കപ്പെടുന്നു
3. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു
4. മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു
5. വിദ്യാഭ്യാസ രംഗങ്ങളെ ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

**മോണിറ്ററിങ് രീതി**

- AEO, BPO തലത്തിലുള്ള മോണിറ്ററിങ് നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

Scanned with OKEN Scanner

- സോഷ്യൽ മോണിറ്ററിങ് രീതി നടത്തുന്നു. പി.ടി.എ. എം.പിടി എ. എസ്.എസ്.ജി. എസ്.ആർ.ജി കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

**<u>ഉപസംഹാരം</u>**

നവ ലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂര വ്യപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്ന തിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

***********************

Scanned with OKEN Scanner